## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1125 — 04.12.2014 ൽ മറുപടിയ്ക്ക്

### അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ടു പ്രകാരം എത്ര അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;<br>(ബി) ഇതിൽ സി.ബി.എസ്.ഇ. സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) & (ബി) സർക്കാർ അംഗീകാരമില്ലാതെയും വകുപ്പുതല അംഗീകാരമില്ലാതെയും നടത്തിവരുന്ന സ്ഥാപനങ്ങളാകയാൽ അത്തരം സ്ഥാപനങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല. |
| (സി) സ്റ്റേറ്റ് സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (സി) ജി.ഒ. (എം.എസ്) 184/13/പൊ.വി. തീയതി 10.06.2013 ഉത്തരവു പ്രകാരം സ്റ്റേറ്റ് സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. എഴുന്നൂറോളം അപേക്ഷകൾ ഈ മേഖലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 31.12.2014 വരെ ഇത്തരം വിദ്യാലയങ്ങളുടെ അപേക്ഷകൾ സ്വീകരിക്കാമെന്നതിനാൽ, അതിനുശേഷമേ വ്യക്തമായ കണക്ക് ലഭ്യമാവുകയുള്ളു. |

| | | | |
|---|---|---|---|
| (ഡി) | സ്വന്തമായി കെട്ടിടം ഇല്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സ്കൂകളാണുള്ളത്; | (ഡി) | കണക്ക് ലഭ്യമല്ല. |
| (ഇ) | അടിസ്ഥാന സൗകര്യങ്ങൾ പൊതുവേ കുറവായ ഈ അനധികൃത സ്കൂളുകളെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ | (ഇ) | സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളില്ലാത്ത അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ അർഹതയുള്ള വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയ ശേഷം സ്വീകരിക്കുന്നതും അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ